**സബ്മിഷൻ**

അനധികൃത ഫ്ളാറ്റ് നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പാറ്റൂരിൽ വാട്ടർ അതോറിറ്റിയുടെ മാലിന്യ പൈപ്പ്ലൈൻ പുറമ്പോക്ക് കയ്യേറി ഫ്ളാറ്റ് പണിത സ്വകാര്യ കമ്പനിക്ക് മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ചേർന്ന് ഒത്താശ ചെയ്തുകൊടുത്ത സംഭവം രേഖകൾ സഹിതം ഇവിടെ ഞാൻ ഉന്നയിച്ചിട്ട് രണ്ടാഴ്ച കഴിഞ്ഞു. കൈയേറിയ ഭൂമി തിരിച്ചുപിടിക്കാൻ നടപടി യെടുക്കുമെന്ന് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഉറപ്പ് നൽകിയി രുന്നു. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് എടുത്തത്; ഒഴിപ്പിച്ചോ; അനധി കൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റിയോ; അഴിമതിക്ക് കൂട്ടുനിന്ന ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു? യാതൊന്നും ചെയ്തില്ലെന്നുമാത്രമല്ല, കെട്ടിടം പണിഞ്ഞിരിക്കു ന്നത് പുറമ്പോക്കിലല്ല എന്നു വരുത്തിതീർക്കാൻ സർവ്വേ വകുപ്പ് ശ്രമിക്കുന്ന തായ വാർത്തയും പുറത്തുവന്നിരിക്കുകയാണ്. പൈപ്പ്ലൈൻ കടന്നു പോകുന്നത് സ്വകാര്യ ഭൂമിയിലാണെന്നാണ് സർക്കാരിന്റെയും ഫ്ളാറ്റ് ഉടമക ളുടെയും അവകാശ വാദം. അത് തെറ്റാണെന്ന് തെളിയിക്കുന്ന രേഖകൾ പുറത്തുവന്നിരിക്കുകയാണ്. സ്വകാര്യ ഭൂമിയുടെ ഭാഗപത്രത്തോടൊപ്പമുള്ള സ്കെച്ചിൽ (സ്കെച്ച് സഭയിൽ ഉയർത്തി കാണിച്ചു), പൈപ്പ്ലൈൻ കടന്നു പോകുന്ന ഭൂമി ഉടമസ്ഥരുടേതല്ലെന്ന് തെളിയിക്കുന്ന സ്കെച്ചാണ് പുറത്തു വന്നിരിക്കുന്നത്. പാറ്റൂർ ഭൂമി ഇടപാടിൽ ആദ്യം ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ മന്ത്രിയായിരുന്നപ്പോൾ താൻ ഉത്തരവിട്ട സ്റ്റോപ്പ് മെമ്മോ മറികടന്ന് ഫ്ളാറ്റ് ഉടമകൾക്ക് നിർമ്മാണത്തിന് അനുമതി നൽകി. ഇത് കളക്ടറുടെ

റിപ്പോർട്ട് പ്രകാരമാണെന്നാണ് അദ്ദേഹം വിശദീകരിക്കുന്നത്. എന്നാൽ അതേ ഫയലിൽതന്നെ ഉണ്ടായിരുന്ന കളക്ടറുടെ മേലുദ്യോഗസ്ഥനായ റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി കണ്ടില്ലായെന്നത് വിചിത്രംതന്നെ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസ്തുത ഉത്തരവി നെത്തുടർന്നാണ് കയ്യേറിയ സർക്കാർ ഭൂമിയിൽ ബഹുനില കെട്ടിടം പണിതു യർത്താൻ കഴിഞ്ഞത്. ഇത് വീഴ്ചകൾ അക്കമിട്ട് നിരത്തിക്കൊണ്ടാണ് 2013 –ലെ വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് കിട്ടുന്നത്. അതനുസ രിച്ച് കുറ്റക്കാർക്കെതിരായി നടപടി എടുക്കുന്നതിനുപകരം വിജിലൻസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ റിപ്പോർട്ട് പൂഴ്ത്തിവയ്ക്കുകയായിരുന്നു. എന്നാൽ അന്നത്തെ വിജിലൻസ് പ്രിൻസി പ്പൽ സെക്രട്ടറി ആ റിപ്പോർട്ട് റവന്യൂ വകുപ്പിനും ജലവിഭവ വകുപ്പിനും അയച്ചുകൊടുത്തിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ആവൃതി മാളിന്റെയും ആർടെക്കിന്റെയും കൈവശമുള്ള 16.98 ആർ വരുന്ന പുറമ്പോക്ക് തിരിച്ചു പിടിക്കുന്നതിന് ജില്ലാകളക്ടർക്ക് ഉടൻ നിർദ്ദേശം നൽകണമെന്നും ഭൂമി കയ്യേറ്റത്തിന് ഫ്ളാറ്റ് നിർമ്മാതാക്കൾക്കെതിരെ ഭൂസംരക്ഷണ നിയമപ്രകാരം കേസ്സെടുക്കണമെന്നും പുറമ്പോക്കിന്റെ അതിര് നിശ്ചയിക്കുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള പഴയ റെക്കോർഡുകൾ പ്രകാരംവേണം പുറമ്പോക്കിന്റെ അതിരുകൾ തീരുമാനിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിജിലൻസ് റിപ്പോർട്ടടക്കം പൂഴ്ത്തിവച്ചുകൊണ്ട് അതുവരെയുള്ള എല്ലാ നിയമവിരുദ്ധ നടപടികളും വെള്ളപൂശി ഈ കൊടിയ അഴിമതിക്ക് മുഖ്യമന്ത്രിയുടെ ഒത്താശയോടെ ചീഫ് സെക്രട്ടറി 02-05-2014–ൽ ഉത്തരവിറക്കിയിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം നിയമസഭയിലും പുറത്തും

ഉന്നയിച്ചിട്ടും ഫ്ളാറ്റ് നിർമ്മാതാക്കൾ നിർബാധം അതിവേഗത്തിൽ പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് നിയമസഭയോടുള്ള വെല്ലുവിളി യായി മാത്രമേ കണക്കാക്കാൻ കഴിയൂ. അതിനാൽ നിർമ്മാണപ്രവർത്തന ങ്ങൾ ഉടനടി നിറുത്തിവയ്ക്കണമെന്നും കുറ്റക്കാരെ വെളിച്ചത്തുകൊണ്ടുവ രുന്നതിന് അന്വേഷണം പ്രഖ്യാപിക്കണമെന്നും ഞാൻ ശക്തിയായി ആവശ്യ പ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, തിരുവ നന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ പാറ്റൂരിൽ ആർടെക്ക് ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമിയിൽ സർവ്വേ നമ്പർ 1805 (എ) – ൽ തോട് പുറമ്പോക്കിൽ ഉൾപ്പെട്ട 2.48 ആർ (6.128 സെന്റ്) ഉം സർവ്വേ നമ്പർ 1806 (എ) – ൽ തോട് പുറമ്പോക്കിൽ ഉൾപ്പെട്ട 1.43 ആർ (3.533 സെന്റ്) ഉം ഉൾപ്പെടെ 3.516 ആർ (9.661 സെന്റ്) പുറമ്പോക്ക് സ്ഥലം ഉൾപ്പെട്ട് കാണുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തെക്കുറിച്ച് അന്വേഷിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ നാലംഗ ഉദ്യോഗസ്ഥതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വേ ഡയറക്ട റുൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ച് വരുന്നതുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചിരിക്കുന്ന ആവശ്യം പാറ്റൂർ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് അവിടെ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തിവയ്ക്ക ണമെന്നതാണ്. അതിന് നടപടികൾ സ്വീകരിക്കേണ്ടത് നഗരകാര്യ വകുപ്പാണ്.

അദ്ദേഹം അതിനുള്ള മറുപടി ഇവിടെ പറയുന്നതാണ്. ഏതായാലും പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുക മാത്രമല്ല, അളന്ന് തിട്ടപ്പെടുത്തി ഭൂമി തിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 1804 മുതൽ 1833 വരെയുള്ള 15 സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലത്ത് Mr. T.S. Ashok, Managing Director, Artech Realtors Pvt. Ltd., എന്ന ആൾ 03-05-2011–ൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 225 സെന്റ് സ്ഥലത്ത് 9318 സ്ക്വയർ മീറ്റർ പ്ലിന്ത് ഏരിയായിൽ ഒരു ഷോപ്പിംഗ് മാൾ നിർമ്മിക്കുന്നതിനും 18736 സ്ക്വയർ മീറ്റർ പ്ലിന്ത് ഏരിയായിൽ അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനും നഗരസഭ അനുമതി നൽകുകയുണ്ടായി. പെർമിറ്റിനായി അപേക്ഷിക്കുമ്പോൾ നിർമ്മാണം നടത്തുന്ന വസ്തുവിന്റെ അളവ് 225 സെന്റാണെന്ന് കാണിച്ചിരുന്നുവെങ്കിലും 209 സെന്റിനുള്ള കരം അടച്ച രസീതാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നത്. അതായത് 16.5 സെന്റ് റവന്യൂ പുറമ്പോക്കുകൂടി ഉൾപ്പെടുത്തിയാണ് അപേക്ഷ നൽകിയത്. വസ്തുവിന്റെ പ്രമാണങ്ങളും മറ്റ് ബന്ധപ്പെട്ട രേഖകളും കൃത്യമായി പരിശോധിക്കുകയോ സ്ഥലപരിശോധന നടത്തുകയോ ചെയ്യാതെയാണ് നഗരസഭ ഇത് കൈകാര്യം ചെയ്തതെന്ന് വ്യക്തമായിട്ടുണ്ട്. പെർമിറ്റ് നൽകിയതിൽ തിരുവനന്തപുരം നഗരസഭയുടെ ഭാഗത്ത് വലിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. 225 സെന്റ്

ഭൂമിയുണ്ടെന്നുള്ള നിഗമനത്തിലാണ് ചീഫ് ടൗൺ പ്ലാനർ ലേ–ഔട്ട് അപ്രൂവൽ നൽകിയത്. 24-12-2011–ൽ കോർപ്പറേഷൻ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകി. ചട്ടപ്രകാരം രേഖകൾ പരിശോധിക്കേണ്ടത് കോർപ്പറേഷനാണ്. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് കാലാവധി നിലനിൽക്കെതന്നെ കെട്ടിട ഉടമ 07-10-2013–ൽ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ നഗരസഭയ്ക്ക് സമർപ്പിച്ചു. പെർമിറ്റ് പുതുക്കുന്നതിനായുള്ള അപേക്ഷയിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം 208.5 ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യംവേണ്ട പല രേഖപ്പെടുത്തലും ഈ അപേക്ഷയിലും ഉണ്ടായിരുന്നില്ല. 17-06-2014–ൽ നഗരസഭ പുതുക്കിയ പെർമിറ്റ് നൽകി. പ്രഥമദൃഷ്ട്യാതന്നെ ഇതിൽ ചട്ടലംഘനമുള്ളതായി കാണുന്നുണ്ട്. കെട്ടിടത്തിന്റെ സൈറ്റിനെ സംബന്ധിച്ച് നിരവധി പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 01-07-2014-–ൽ തിരുവനന്തപുരം നഗരസഭ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നിറുത്തിവയ്ക്കുവാനും പരാമർശ നിർമ്മാണം നടക്കുന്ന വസ്തുവിന്റെ അംഗീകൃത സർവ്വേ സ്കെച്ച് ഹാജരാക്കുവാൻ കക്ഷിക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിൽ അപാകതകളെന്തെങ്കിലുമുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)–നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ, (വിജിലൻസ്)–ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട

നഗരവികസന വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ മറുപടി പറഞ്ഞു. 6.4.2009 ലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ കത്തിൽ തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ M/s. ആവൃതി മാൾ മാനേജ്മെന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് 135.135 സെന്റ് സ്ഥലം കൈവശം വച്ചിട്ടുണ്ടെന്നും മുൻപ്രമാണങ്ങളെ അപേക്ഷിച്ച് 118.5 സെന്റ് സ്ഥലം മാത്ര മാണ് കമ്പനിക്ക് അവകാശപ്പെട്ടതെന്നും ആയതിനാൽ കമ്പനിയുടെ കൈവ ശമുള്ള ഭൂമിയിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടാകാമെന്നും ആയതിനാൽ കമ്പനി പുറമ്പോക്ക് ഭൂമി കൈവശം വയ്ക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു. ഞാൻ മന്ത്രി സ്ഥാനം ഏറ്റെടുക്കുന്നത് 2011 മെയ് മാസത്തി ലാണ്. അതിനുമുമ്പുണ്ടായിരുന്ന കാര്യത്തെക്കുറിച്ചാണ് ബാക്ക് ഫയൽ പറയുന്നത്. ജില്ലാ കളക്ടറുടെയും തിരുവനന്തപുരം ജില്ലാ റെവന്യൂ ഡിവിഷ ണൽ ഓഫീസറുടെയും വിശദമായ റിപ്പോർട്ടുണ്ട്. ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ 118.5 സെന്റ് വസ്തു M/s. ആവൃതി മാൾ മാനേജ്മെന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നിയമാനുസൃതം കൈമാറി ലഭിച്ച് നികുതി അടച്ച് കൈവശം വച്ച് വരുന്നതാണെന്നും എന്നാൽ നിയമാ നുസൃതമായ അളവിൽ കൂടുതൽ വസ്തു പ്രസ്തുത കമ്പനി കൈവശം വച്ചി രിക്കുന്നുവെന്നും ഇക്കാര്യങ്ങൾ പ്രമാണങ്ങളിൽതന്നെ വ്യക്തമാക്കുന്നു വെന്ന് കാണാവുന്നതാണ്. ഇത് ഫയൽ റിപ്പോർട്ടിലുള്ളതാണ്. നിയമാനു സൃതം കൈമാറി കിട്ടിയ അളവിൽ കൂടുതലുള്ള 16.635 സെന്റ് സ്ഥലം ജില്ലാ കളക്ടറുടെ ശുപാർശ പ്രകാരം സർക്കാർ നിർദ്ദേശത്തെത്തുടർന്ന് കമ്പനിയുടെ അറിവോടെ അതായത് രണ്ട് കൂട്ടർക്കും നോട്ടീസ് നൽകി

അളന്ന് തിരിച്ച് മാറ്റിയിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ അധികാരികളുടെയും കേരള വാട്ടർ അതോറിറ്റിയുടെയും റിപ്പോർട്ടുകൾ സൂക്ഷ്മമായി പരിശോധിച്ച് കമ്പനി നിയമാനുസൃതം കൈവശം വയ്ക്കാവുന്ന സ്ഥലത്തെക്കാൾ കൂടുതലുള്ള സ്ഥലം അളന്ന് മാറ്റിയിട്ടുണ്ട്. 118.5 സെന്റ് സ്ഥലം പ്രൈവറ്റ് പാർട്ടിക്കും ബാക്കിയുള്ള സ്ഥലം സർക്കാർ ഏറ്റെടുത്തു എന്ന റിപ്പോർട്ടുണ്ട്. ദയവായി അങ്ങയെപ്പോലെ ഒരാൾ ഞാൻ ഫയൽ പൂഴ്ത്തിയെന്ന് പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. അതെല്ലാം പരിശോധിച്ചിട്ട് പറയേണ്ടതായിരുന്നു. എനിക്ക് അതിൽ ദു:ഖവുമുണ്ട്. ഞാൻ അദ്ദേഹവുമായി വാക്ക് തർക്കത്തിനില്ല. അദ്ദേഹം ഇന്ത്യയിലെ പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവാണ്. ഫയൽ പരിശോധിച്ചിരുന്നെങ്കിൽ ഒരു പ്രശ്നവുമുണ്ടാവില്ലായിരുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട സ്പീക്കർ അല്പസമയം അനുവദിച്ചാൽ പാറ്റൂരിൽ നമുക്കൊരുമിച്ച് പോയി യഥാർത്ഥ വസ്തുത പരിശോധിക്കാമായിരുന്നു.

## ഗ്യാസ് പൈപ്പ്ലൈൻമൂലമുണ്ടാകുന്ന ആശങ്ക

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം കൊച്ചിയിൽ നിന്ന് മംഗലാപുരത്തേയ്ക്ക് ഗ്യാസ് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഗ്യാസ് പൈപ്പ് ലൈൻ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത്. കാസർഗോഡ് താലൂക്കിലെ തെക്കിൽ, മുളിയാർ, ചെങ്കള, പാടി, മുട്ടത്തൊടി വില്ലേജുകളിലെ ജനങ്ങൾക്കാണ് സ്ഥലം ഏറ്റെടുക്കുന്ന

തിനുള്ള നോട്ടീസ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. രണ്ട് മീറ്റർ വീതിയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുമ്പോൾ പൈപ്പ് ലൈനിന്റെ ഇരുവശങ്ങളിലും 20 മീറ്റർ വീതിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്തുവാനോ മരങ്ങൾ വച്ചു പിടിപ്പിക്കുവാനോ കുളം, കിണർ, ടാങ്ക് റിസർവോയർ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളോ പാടില്ലെന്ന് കമ്പനി പുറത്തിറക്കിയ സർക്കുലറിൽ പറയുന്നു. ഈ പദ്ധതിമൂലം രണ്ടായിരത്തിലധികം ഏക്കർ ഭൂമിയാണ് നഷ്ട്ടപ്പെടുന്നത്. സ്ഥലത്തിന്റെ അടിസ്ഥാന വിലയുടെ പത്ത് ശതമാനം മാത്രമാണ് കമ്പനി സ്ഥലം ഉടമകൾക്ക് നൽകുന്നത്. കാർഷിക മേഖലയിൽ ഈ പൈപ്പ് ലൈൻ കടന്നുപോകുമ്പോൾ കാർഷിക മേഖലയെ ആശ്രയിച്ച് തലമുറകളോളം ജീവിക്കേണ്ട കർഷകരുടെയും നാട്ടുകാരുടെയും ജീവിതമാണ് വഴിമുട്ടുനിൽക്കുക. ഇതിനെല്ലാം പുറമേ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ച രാജ്യങ്ങളിലെല്ലാം സ്ഫോടനം നടന്നു, നിരവധി പേർ മരിച്ചു. അമേരിക്ക, ന്യൂമെക്സിക്കോ, ഗോവ ഇവിടങ്ങളിൽ സ്ഫോടനങ്ങൾ നടന്നു. നിരവധി ജീവനുകൾ അപഹരിക്കപ്പെട്ടു. ഏതാനും ദിവസങ്ങൾക്കു മുമ്പ് ജൂൺ 27-ാം തീയതി വെള്ളിയാഴ്ച ആന്ധ്രാപ്രദേശിലെ ഗോദാവരി ജില്ലയിലെ നാഗാറാം വില്ലേജിൽ ഗ്യാസ് പൈപ്പ്ലൈനിലുണ്ടായ സ്ഫോടനത്തിൽ 16 ഓളം പേർ മരണപ്പെടുകയും 18 പേർക്ക് പരിക്ക് പറ്റുകയും നിരവധി വീടുകൾ അഗ്നിക്കിരയാവുകയും ചെയ്തു. ഗെയിൽ തന്നെയാണ് അവിടെയും ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിച്ചത്. ഒരു ചായകച്ചവടക്കാരൻ സ്റ്റൗ കത്തിച്ചതിനെത്തുടർന്നാണ് ആന്ധ്രയിൽ ദുരന്തമുണ്ടായതെന്നാണ് അവിടുത്തെ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പറയുന്നത്. ഇതിൽ നിന്നും അനുമാനിക്കേണ്ടത് ഒരു ജാഗ്രതയും അവധാനതയുമില്ലാതെയാണ് ഗെയിൽ ഗ്യാസ് പൈപ്പ്

ലൈൻ സ്ഥാപിക്കുന്നതെന്നാണ്. അത്തരമൊരു സ്ഥാപനത്തെ നമ്മുടെ സംസ്ഥാനത്തെ ആളുകളുടെ ജീവൻകൊണ്ട് പന്താടാൻ അനുവദിക്കണമോ യെന്ന് നാം ഗൗരവപൂർവ്വം ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഗെയിൽ പൈപ്പ്ലൈനിന്റെ കാര്യം രണ്ട് ദിവസം മുമ്പും സഭ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ ബഹുമാനപ്പെട്ട പല മെമ്പർമാരും പൈപ്പ്ലൈൻ വരാതിരുന്നാലുണ്ടാകുന്ന വൈദ്യുതി പ്രശ്നവും മറ്റും ഉന്നയിച്ചിരുന്നു, ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിന് മറുപടി പറഞ്ഞിരുന്നു. ഗ്യാസ് പൈപ്പ്ലൈൻ പോകുന്നത് ജനസാന്ദ്രതയുള്ള പ്രദേശത്തുകൂടിയാണെങ്കിൽ അതിന് വേറെ ബുദ്ധിമുട്ടുണ്ട്. ജനസാന്ദ്രതയുള്ള പ്രദേശം ഒഴിവാക്കി ആൾട്ടർനേറ്റീവായി കൊണ്ടുപോകുന്ന കാര്യമാണ് ഇപ്പോൾ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അനാവശ്യമായ ആശങ്ക ആവശ്യമില്ല. അതിനെപ്പറ്റി ബോധവത്ക്കരണം വേണമെന്ന് നമ്മൾ ഇവിടെ ചർച്ച ചെയ്തു. ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## സിഗററ്റ്, പുകയില ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്ത് പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷനിൽകൂടി ആവശ്യപ്പെടുന്നത്. ആർ.സി.സി. യിലെ പുതിയ പഠനം അനുസരിച്ച് 45 ശതമാനത്തിലധികം കേസുകൾ ആർ.സി.സി. യിൽ വരുന്നത് പുകയില ഉപയോഗിക്കുന്ന

ആളുകളിലാണ്. അത് വലിയ ഒരു സാമൂഹ്യവിപത്തായി മാറുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. രാജസ്ഥാൻ 65 ശതമാന മാണ് പുകയില ഉത്പന്നങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനം 12.5 ശതമാനത്തിൽ നിന്നും 15 ശതമാനമായി നികുതി വർദ്ധി പ്പിച്ചു. അതുവഴി നൂറ് കോടിരൂപയാണ് അധികവരുമാനമായി ലഭിച്ചത്. സിഗററ്റിന്റെ ഉപയോഗം കുറഞ്ഞുവെന്നാണ് നമ്മൾ കരുതിയിരിക്കുന്നത്. രണ്ടരശതമാനം നികുതി വർദ്ധിപ്പിച്ചപ്പോൾ 100 കോടി രൂപ റവന്യൂ വരു മാനം അധികം ലഭിച്ചുവെന്നതിനർത്ഥം അതിന്റെ ഉപയോഗം അത്രയധികമു ണ്ടെന്നാണ്. രാജസ്ഥാനിൽ ഏതാണ്ട് 900 കോടി രൂപയ്ക്കടുത്ത് പുകയില ഉത്പ്പന്നങ്ങളിൽ നിന്നുള്ള നികുതി അവർക്ക് ലഭിക്കുന്നുണ്ട്. ടാക്സ് വർദ്ധി പ്പിച്ച് കൺസംപ്ഷൻ കുറച്ചുകൊണ്ടു മാത്രമേ ഇതുമൂലമുണ്ടാകുന്ന സാമൂഹ്യ വിപത്ത് പ്രധാനമായും ക്യാൻസർ രോഗം നിയന്ത്രിക്കാൻ കഴിയൂ. 35-69 വയസ്സിനിടയിൽ പ്രായമുള്ളവർ പുകയില ഉത്പ്പന്നങ്ങൾ ഉപയോഗി ക്കുന്നതിന്റെ സാമ്പത്തിക ചെലവ് 1,514 കോടി രൂപയാണെന്ന് ശാസ്ത്രീയ മായ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. 1,514 കോടി രൂപയാണ് ജന ങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ചെലവ്. ടാക്സ് വർദ്ധിപ്പിച്ചാൽ 1,000 കോടി രൂപയ്ക്കടുത്ത് നമുക്ക് ലഭിക്കുന്ന സാഹചര്യം. സംസ്ഥാനത്ത് സാമ്പ ത്തിക പ്രതിസന്ധിയുള്ളപ്പോൾ നമുക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള അവ സരമെന്നു മാത്രമല്ല ടാക്സ് വർദ്ധിപ്പിച്ച് കൺസംഷൻ കുറയ്ക്കാൻ കഴി യുന്ന ഒരു അവസരമാണ്. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം കൊണ്ട് ക്യാൻസർ ബാധിതരായവർ നിയമസഭയിൽ വന്ന് സ്പീക്കർ ജി. കാർത്തികേ

യൻ അവർകളെ നേരിട്ട് കണ്ട് ഈ ആവശ്യം ഉന്നയിച്ച സാഹചര്യമുണ്ട്. യു.പി., രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളുടെ മാതൃക സ്വീകരിച്ചു കൊണ്ട് പുകയില ഉത്പന്നങ്ങൾക്ക് 50 ശതമാനമെങ്കിലും ടാക്സ് വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സംസ്ഥാനത്തെ സിഗററ്റ്, പുകയില ഉല്പന്നങ്ങളുട നികുതി വർദ്ധിപ്പിച്ച് ബോധവൽക്കരണം നടത്തേണ്ട ആവശ്യകതയിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ സബ്മിഷൻ ഉന്നയിച്ചത്. പുകയില ഉൽപ്പന്നമായ പാൻമസാല ഇപ്പോൾ തന്നെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. സിഗററ്റിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി അതിന്റെ നികുതി 22 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് അയൽ സംസ്ഥാനങ്ങളിലെ നികുതിയുമായി താരതമ്യം ചെയ്തിട്ടാണ് ഉയർത്തിയിട്ടുള്ളത്. അയൽ സംസ്ഥാനങ്ങളെക്കാൾ ഉയർന്ന നിരക്കിൽ ഇനിയും നികുതി ചുമത്തുകയാണെങ്കിൽ ഇത്തരമുൽപ്പന്നങ്ങളുടെ വ്യാപാരം അസംഘടിത മേഖലയിലേക്ക് മാറുന്നതിനും കള്ളക്കടത്ത് മുതലായ അനാരോഗ്യ പ്രവണതകൾ വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്യും. അങ്ങനെ വന്നാൽ നികുതി നഷ്ടമാകുമെന്ന് മാത്രമല്ല ഉപഭോഗത്തിൽ പ്രതീക്ഷിക്കുന്ന കുറവുണ്ടാവുകയുമില്ല. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ നടത്തിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സിഗററ്റ്, പുകയില ഉൽപ്പന്നങ്ങൾക്കെതിരായ ആശയങ്ങൾ ഉൾപ്പെടുത്തി ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

## കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനവും ഹൈടെക് ഫാമും

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട് നിയോജകമണ്ഡലത്തിലുൾപ്പെട്ട കോലാഹലമേട് ഹൈടെക് ഡയറി ഫാമിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുന്നതിന് സർക്കാർ ഇടപെടൽ അനിവാര്യമാണ്. ഹൈടെക് ഡയറി ഫാമിന്റെ ഹേസ്റ്റോർ നിർമ്മാണത്തിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും കോളേജ് അധികൃതർ അന്വേഷണം നടത്തി സൂപ്പർവൈസർ, സ്പെഷ്യൽ ഓഫീസർ എന്നിവർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ സ്പെഷ്യൽ ഓഫീസറെയാണ് ഇപ്പോൾ കെ.എൽ.ഡി. ബോർഡിന്റെ എം.ഡി.-യായി നിയമിച്ചിട്ടുള്ളത്. ഈ എം.ഡി. ഒരു എഞ്ചിനീയർക്കെതിരെ നടപടിക്ക് ശുപാർശ നൽകുകയും പിന്നീട് ആ നടപടി മരവിപ്പിക്കുകയും ചെയ്തു. കെ.എൽ.ഡി. ബോർഡ്, ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള കോൺട്രാക്ടർക്ക് 13% എബൗവിൽ മാട്ടുപെട്ടി ഫാമിൽ വർക്ക് കൊടുക്കുന്ന ഒരു സാഹചര്യമുണ്ടായി. 13-ാം ധനകാര്യ കമ്മിഷൻ അനുവദിച്ച തുക, സംസ്ഥാന സർക്കാരിന്റെ വിഹിതം, ആർ.കെ.വി.വൈ. പദ്ധതി വിഹിതം എന്നീ മൂന്ന് ഫണ്ടിൽ നിന്ന് 2013-14 കാലയളവിൽ ഒരേ ആവശ്യത്തിന് തുക ചെലവഴിച്ചതായി കാണിക്കുന്നുണ്ട്. 5 ലക്ഷം, 2 ലക്ഷം, 50000 രൂപ തുടങ്ങിയ തുകകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മാത്രമാണ് ഇപ്പോളവിടെ നടന്നുകൊണ്ടിരിക്കുന്നത്. മേജർ വർക്കുകൾ ഒന്നും തന്നെയുണ്ടാകുന്നില്ല. ഉല്പാദനക്ഷമതയില്ലാത്ത ചാവാലി പശുക്കളെയാണ് വാങ്ങുന്നത്. പശുക്കളെ വാങ്ങുന്നതിൽ വ്യാപകമായ ക്രമക്കേട്

നടക്കുന്നുണ്ട്. ഡിഗ്രിക്കാരനായ എഞ്ചിനീയറെ ഒഴിവാക്കി ഡിപ്ലോമക്കാർക്ക് മേൽനോട്ട ചുമതല നൽകുന്നു. കുളമ്പ് രോഗം ബാധിച്ച് വിത്തുകാളകൾ ചത്തുപോയതു കാരണം സെമൻ ഉല്പാദനം വളരെ കുറഞ്ഞിട്ടുള്ളതായി അറിയുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണം അവസാനിപ്പിക്കുമ്പോൾ 60 കോടി രൂപ ബാലൻസും 14 കോടി രൂപ ബാങ്ക് ബാലൻസും 14 കോടി രൂപ ട്രഷറി ബാലൻസുമുണ്ടായിരുന്ന കെ.എൽ.ഡി. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിതാപകരമാണ്. കെ.എൽ.ഡി. ബോർഡിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തെക്കുറിച്ചും കോലാഹലമേട് ഹൈടെക് ഡയറി ഫാമിനെക്കുറിച്ചും ഒരു സമഗ്ര അന്വേഷണം നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ):</u> സർ, കെ.എൽ.ഡി. ബോർഡിന്റെ കീഴിലുള്ള കോലാഹലമേട് ഹൈടെക് ഡയറി ഫാമിന്റെ ഒന്നാംഘട്ട പണികളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. സംസ്ഥാനത്തിനകത്ത് ആദ്യമായി റോട്ടറി മിൽക്കിംഗ് പാർലർ ഈ ഫാമിലാണ് സ്ഥാപിച്ചിട്ടുള്ളത്. മിൽക്കിംഗ് പാർലറുകൾ ഉൾപ്പെടെ എല്ലാ ആധുനിക യന്ത്രസാമഗ്രികളുടേയും ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി, പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. ഒന്നാം ഘട്ടത്തിലെ പ്രധാന മരാമത്ത് പണികളെല്ലാം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KPHCC) ആണ് നടത്തിയിരിക്കുന്നത്. സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്ക്കർഷിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചും, ആഗോള ടെൻഡറുകൾ വിളിച്ചുമാണ് യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുള്ളത്.

സബ്മിഷൻ നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന “ഹേസ്റ്റോർ” കോലാഹലമേട്ടിൽ നിന്നും മൂന്നര കിലോമീറ്റർ മാറി വാഗമണ്ണിലാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത പണിയുടെ ബിൽ തയ്യാറാക്കിയതിൽ പിഴവുകൾ കണ്ടതിനാൽ അത് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിക്കുകയും ബില്ലിലെ പാകപ്പിഴവുകൾ അവർ കണ്ടെത്തി നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് മാത്രമാണ് കോൺട്രാക്ടർക്ക് തുക നൽകിയിട്ടുള്ളത്.

19.03.2010–ലെ ജി.ഒ.(ആർ.റ്റി.) 476/10/എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടിയിൽ ഒരു മോഡേൺ ബുൾ മദർ ഫാം സ്ഥാപിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതു പ്രകാരം ടി പദ്ധതിയ്ക്കുള്ള ഫണ്ട് എൻ.പി.സി.സി.ബി., സംസ്ഥാന വിഹിതം, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നീ നാല് വ്യത്യസ്ത സ്കീമുകളിൽ നിന്നും കണ്ടെത്തണമെന്ന് ഉത്തരവായിരുന്നു. മാട്ടുപ്പെട്ടി ഫാമിലെ വർക്കുകൾ നടത്തുന്നതിന് കിറ്റ്കോ എന്ന സ്ഥാപനത്തെയാണ് കെ.എൽ.ഡി. ബോർഡ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2013-14 വർഷത്തിൽ സംസ്ഥാന പ്ലാൻ വിഹിതവും, പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഹിതവുമാണ് ടി പദ്ധതിക്കായി ലഭിച്ചത്. 2013-14 ൽ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ പ്രധാന മരാമത്ത് പണികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

24.07.2013–ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 1400/13/എ.ഡി. പ്രകാരം രൂപീകരിച്ച പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് കോലാഹലമേട് ഫാമിലേയ്ക്ക് പശുക്കളെ വാങ്ങുന്നത്. 2014 ഏപ്രിൽ, മേയ് മാസങ്ങളിലായി 63 കന്നുകാലികളെയാണ് ഇതുവരെ വാങ്ങിയത്. വാങ്ങിയ പശുക്ക

ളെയൊക്കെ മൃഗസംരക്ഷണ വകുപ്പിന്റെ പാലോടുള്ള ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലെ സാങ്കേതിക വിദഗ്ദ്ധർ പരിശോധിക്കുകയും രോഗവിമുക്തമെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവയിൽ പ്രസവിച്ചു കഴിഞ്ഞ പശുക്കളിലധികവും തുടക്കത്തിൽ തന്നെ ദിവസേന 15 ലിറ്ററിലധികം പാൽ നൽകുന്നുണ്ട്.

ഡിഗ്രിക്കാരനായ എഞ്ചിനീയറുടെ കരാർ കാലാവധി 21.05.2014-ൽ പൂർത്തിയായപ്പോഴാണ് ടിയാനെ മാറ്റിയത്. പാർലമെന്റ് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാൽ പുതിയ നിയമനം നടത്തുവാൻ താമസം നേരിട്ടു. പുതിയ ഗ്രാജ്വേറ്റ് എഞ്ചിനീയറെ കൺസൾട്ടന്റായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 25 വർഷത്തിലധികം സേവന പരിചയമുള്ള ബോർഡിലെ സ്ഥിരം ജീവനക്കാരനായ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഈ ചെറിയ കാലയളവിൽ പണികളുടെ സൂപ്പർവിഷൻ നടത്തുന്നത്.

2013-ന്റെ അവസാന മാസങ്ങളിൽ സംസ്ഥാനത്തൊട്ടാകെ കന്നുകാലികളിൽ വന്ന കുളമ്പുരോഗത്തിന്റെ തുടർച്ചയായി ബോർഡിന്റെ പാലക്കാടുള്ള ധോണി ഫാമിൽ, കൃത്യമായി പ്രതിരോധ വാക്സിനുകൾ നൽകിയിരുന്നുവെങ്കിലും, ഏതാനും ചില വിത്തുകാളകളിൽ കുളമ്പുരോഗം കണ്ടിരുന്നു. ബോർഡിന്റെ മറ്റ് ഫാമുകളിലൊന്നും രോഗം വന്നിട്ടില്ല. ശാസ്ത്രീയ മാനദണ്ഡങ്ങളനുസരിച്ച് ധോണി ഫാമിലെ വിത്തുകാളകളിൽ നിന്നും ബീജോൽപ്പാനം നിർത്തിവെച്ച് രോഗം പടരാതിരിക്കുവാൻ സാധ്യമായ എല്ലാ നടപടികളും ബോർഡ് സ്വീകരിച്ചു. തുടർന്ന് വിത്തുകാളകളെല്ലാം പരിപൂർണ്ണമായി രോഗവിമുക്തമാണെന്ന് കേന്ദ്രസർക്കാരിന്റെ ബാംഗ്ലൂരിലുള്ള

Southern Regional Disease Diagnostic Laboratary, മുക്തേശ്വറിലുള്ള Project Directorate on FMD എന്നീ സ്ഥാപനങ്ങളിൽ പരിശോധിപ്പിച്ച് ഉറപ്പു വരുത്തിയ ശേഷം, 2014 ഏപ്രിൽ മാസത്തിലാണ് ധോണി ഫാമിൽ ബീജോൽപ്പാദനം പുനരാരംഭിച്ചത്. ധോണി ഫാമിലുണ്ടായ ഉൽപ്പാദനക്കുറവ് നികത്തുന്നതിനായി മറ്റ് രണ്ട് സെമൻ ബാങ്കുകളുടെയും ഉല്പാദനം ശക്തിപ്പെടുത്തി. സംസ്ഥാനത്തിനകത്ത് കന്നുകാലികളുടെ കൃത്രിമ ബീജദാന പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ എല്ലാ നടപടികളും ബോർഡ് കൈക്കൊണ്ടു. 2012-13–ലെ മൊത്തം ഉൽപ്പാദനം 28.39 ലക്ഷമായിരുന്നത്, ധോണിയിൽ കുളമ്പുരോഗം വന്നിട്ടും 2013-14–ൽ 28.53 ലക്ഷമായി ഉയരുകയാണുണ്ടായത്. ദേശീയ ക്ഷീര പദ്ധതി നടപ്പിലാക്കിയതു മൂലം മാട്ടുപ്പെട്ടിയിൽ 2013-14–ൽ റെക്കോർഡ് ഉൽപ്പാദനമായിരുന്നു – 16.61 ലക്ഷം. 09.07.2014–ൽ കെ.എൽ.ഡി. ബോർഡിന്റെ ട്രഷറി അക്കൗണ്ടിൽ 47.69 കോടി രൂപയും, ബാങ്ക് അക്കൗണ്ടിൽ 44.65 കോടി രൂപയുമുൾപ്പെടെ ഏകദേശം 90 കോടി രൂപയുടെ വരുമാനം ബോർഡിനുണ്ട്. എൻ.ഡി.ഡി.ബി. ഗ്രാന്റിന് പുറമെയാണിത്.

കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിലാണ് മുന്നേറുന്നത്. സാങ്കേതികമായി ബോർഡിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ബോർഡിന്റെ മൂന്ന് സെമൻ ബാങ്കുകൾക്കും ചരിത്രത്തിലാദ്യമായി കേന്ദ്രസർക്കാരിന്റെ കൃഷി മന്ത്രാലയത്തിന്റെ ഗ്രേഡിംഗിൽ 'എ' ഗ്രേഡ് ലഭിക്കുകയുണ്ടായി. കൂടാതെ 18 വർഷങ്ങൾക്കുശേഷം നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് 26.65 കോടി രൂപയുടെ ഗ്രാന്റ് വിവിധ പദ്ധതികൾക്കായി 2013-14 ൽ നൽകി. ഭരണ

പരമായി കാതലായ പ്രധാന നടപടികളും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന ഉദ്ദേശലക്ഷ്യങ്ങളും ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്.

## ലോ ഫ്ളോർ എ.സി. ബസ് സർവ്വീസുകൾ റദ്ദാക്കൽ

ശ്രീ. വർക്കല കഹാർ: സർ, അന്താരാഷ്ട്ര വിനോദസഞ്ചാര പ്രദേശവും തീർത്ഥാടനപ്രദേശവുമായ വർക്കലയിൽ ദിവസവുമെത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും വലിയൊരു സൗകര്യമായിരുന്നു JNNURM എ.സി. ബസ്സുകൾ. ആറ്റിങ്ങലിലും കഴക്കൂട്ടത്തുമുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ടെക്നോപാർക്കിലെ ഉദ്യോഗസ്ഥർക്കും മെഡിക്കൽ കോളേജിലേയ്ക്ക് വരുന്ന രോഗികൾക്കും ഈ ബസ്സുകൾ വളരെയധികം ഉപയോഗപ്രദമായിരുന്നു. സാമ്പത്തികമായി ഈ ബസ്സുകൾ നല്ല ലാഭത്തിൽ തന്നെയായിരുന്നു. പ്രത്യേകിച്ച് യാതൊരു കാരണവും കൂടാതെ ഒരു സുപ്രഭാതത്തിൽ ഇതിൽ പകുതി സർവ്വീസുകളും വെട്ടിക്കുറയ്ക്കുകയായിരുന്നു. വെട്ടിക്കുറച്ച് കൊല്ലത്തേയ്ക്ക് പുതിയ സർവ്വീസുകൾ നടത്തുകയാണ്. ഈ പുതിയ സർവ്വീസുകൾ സാമ്പത്തികമായി ഒരു ഗുണവും ചെയ്യുന്നില്ല എന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ ബസ് വർക്കലയിലേയ്ക്കുള്ള സർവ്വീസ് നിറുത്തിയതറിയാതെ ഒട്ടേറെ ടൂറിസ്റ്റുകൾ കല്ലമ്പലത്ത് ഇറങ്ങി വർക്കലയിലേയ്ക്ക് പോകാൻ വേറെ വണ്ടി തിരക്കുന്ന ഗതികേടിലാണ്. സാമ്പത്തികമായി ലാഭത്തിലായിരുന്ന, ഏറെ ആൾക്കാർ ആശ്രയിച്ചിരുന്ന വർക്കലയിലേയ്ക്കുള്ള എ.സി. JNNURM ബസ് സർവ്വീസുകൾ അകാരണമായി വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്. ട്രാൻസ്പോർട്ട് ബസ്സുകൾ നഷ്ടത്തിലോടുന്നു, ഫീസിബിളല്ല എന്നുപറഞ്ഞുകൊണ്ട് സർവ്വീ

സുകൾ നിറുത്തുന്നത് മനസ്സിലാകും. വർക്കലയിലോടുന്ന ബസിന് 12000 രൂപ കളക്ഷൻ നേടിക്കൊണ്ടിരുന്നപ്പോൾ കൊല്ലത്തേയ്ക്ക് മൂന്നു ട്രിപ്പു കളോടിയിട്ടാണ് 15000 രൂപ കിട്ടുന്നതെന്നുപറയുന്നതുതന്നെ അശാസ്ത്രീയ മാണ്. അതെങ്ങനെ മുതലാകും? അപ്പോൾ ട്രാൻസ്പോർട്ട് വകുപ്പിനകത്ത് മന്ത്രിയറിയാതെ, ഗവൺമെന്ററിയാതെ ചില ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന തോന്ന്യാസങ്ങളും വിക്രിയകളുമാണ്. ഇത് കാരണം അവിടെയുള്ള ജന ങ്ങൾ, ടൂറിസ്റ്റുകൾ, രോഗികൾ ഇവരുടെയെല്ലാം സൗകര്യങ്ങൾ നിലച്ചിരിക്കു കയാണ്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥ ന്മാരെ വിളിച്ചിരുത്തി ഇങ്ങനെ ചെയ്തതിന്റെ കാരണം കണ്ടുപിടിക്കുകയും ഈ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് വേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തിരുവനന്തപുരം-വർക്കല റൂട്ടിൽ JNNURM ലോ ഫ്ളോർ എ.സി. ബസുകളുടെ 14 ട്രിപ്പുകളാണ് ഓടിച്ചിരുന്നത്. പ്രസ്തുത ബസ്സുകൾക്ക് മൊത്തം 10,000 രൂപയിൽ താഴെയായിരുന്നു വരുമാനം. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന കോർപ്പറേഷന് നഷ്ടം സഹിച്ച് പ്രസ്തുത സർവ്വീസ് നടത്താൻ ബുദ്ധിമുട്ടായതിനാൽ കളക്ഷൻ കുറഞ്ഞ സർവ്വീസുകളുടെ ട്രിപ്പുകൾ പുനഃക്രമീകരിക്കുകയാണുണ്ടായത്. നിലവിൽ 10 ട്രിപ്പുകൾ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്. 4 ട്രിപ്പുകൾ കല്ലമ്പലത്ത് നിന്ന് എൻ.എച്ച്. വഴി കൊല്ലത്തേയ്ക്കും തിരികെയും ഓടിവരികയാണ്. ഇതുമൂലം ശരാശരി വരുമാനം 16000 രൂപയിൽ അധികമായിട്ടുണ്ട്. വകുപ്പിൽ നിന്നും ലഭിച്ച മറുപടിയാണിത്. രാവിലെ

ഇക്കാര്യം ബന്ധപ്പെട്ട സി.എം.ഡി. യുമായി സംസാരിച്ചു. സി.എം.ഡി. ഇന്റർ സ്റ്റേറ്റ് എഗ്രിമെന്റുമായി ബന്ധപ്പെട്ട് ഇന്ന് ബാംഗ്ലൂരിലാണ്. മടങ്ങിവന്നാലുടൻ തന്നെ ഇക്കാര്യം ചർച്ച ചെയ്യും, അങ്ങയുമായും ചർച്ച ചെയ്യും. ഒരു കാര്യത്തിനകത്ത് നിശ്ചിത തീരുമാനം വേണം. വരുമാന വർദ്ധനവുള്ള റൂട്ടുകൾ കട്ട് ചെയ്യാൻ കെ.എസ്.ആർ.ടി.സി.–ക്ക് സാധിക്കില്ല. അങ്ങ് പറഞ്ഞ ആർഗ്യുമെന്റിനകത്തു നിന്നും ഞാൻ അതാണ് മനസ്സിലാക്കുന്നത്. വരുമാനത്തിന്റെ വർദ്ധനവുണ്ട്, എന്നിട്ടും അകാരണമായി റദ്ദു ചെയ്തുവെങ്കിൽ അക്കാര്യം നിശ്ചയമായും പരിശോധിക്കും. മാത്രമല്ല, വരുമാനവർദ്ധനവില്ലാതെ പിടിച്ചു നിൽക്കാൻ നിവൃത്തിയില്ല. അങ്ങനെ വരുമ്പോൾ പുനഃക്രമീകരണം ഏത് രൂപത്തിലാവണമെന്നുള്ളത് എം.ഡി. മടങ്ങിവന്നതിനുശേഷം കൂടിയാലോചിച്ച് അങ്ങയെ അറിയിക്കും.

## ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കേരളത്തിലെ പതിനാല് ലക്ഷത്തോളം വരുന്ന ക്ഷീരകർഷകർ നിരവധി സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ നേരിടുകയാണ്. കാലിത്തീറ്റ വിലയിൽ നിലവിലുള്ള സബ്സിഡിയിൽ കുറവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഉത്പാദന ചെലവുമായി ബന്ധപ്പെടുത്തി കണക്കാക്കുമ്പോൾ ക്ഷീരകർഷകന് ചുരുങ്ങിയത് 40 രൂപയെങ്കിലും ലിറ്ററിന് ലഭിക്കാതെ ക്ഷീരകൃഷിയുമായി മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നിലവിൽ കർഷകന് 20 രൂപ മുതൽ 22 രൂപ വരെയാണ് ലഭിക്കുന്നത്. മിൽമ പാലിന്റെ വില കൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. പാൽ വില വർദ്ധനവിന്റെ യാതൊരു ഗുണവും കർഷകന് ലഭിക്കുന്നില്ല എന്നതാണ് യാഥർത്ഥ്യം. കാലിത്തീറ്റയുടെ വില അടിക്കടി വർദ്ധിക്കു

ന്നതുമൂലം മിൽമ ക്ഷീരകർഷകരുടെ നട്ടെല്ല് ഒടിക്കുകയാണ്. മിൽമയ്ക്ക് സ്വന്തമായി രണ്ട് കാലിത്തീറ്റ ഫാക്ടികളുണ്ടെങ്കിലും 40 ശതമാനത്തോളം കാലിത്തീറ്റ തമിഴ്നാട്ടിലെ സ്വകാര്യ കച്ചവടക്കാരിൽ നിന്ന് ശേഖരിച്ച് സ്വന്തം ലേബൽ ഒട്ടിച്ച് മിൽമ കർഷകരെ വഞ്ചിക്കുകയാണ്. സംസ്ഥാനത്തെ 14 ലക്ഷം ക്ഷീരകർഷകർ പ്രതിദിനം 24 ലക്ഷം ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുണ്ട്. അതിൽ 8 ലക്ഷം ലിറ്റർ പാൽ മിൽമ ശേഖരിക്കുന്നുണ്ട്. എന്നാൽ 14 ലക്ഷം ലിറ്റർ പാലാണ് മിൽമ വിതരണം ചെയ്യുന്നത്. ബാക്കി ആറ് ലക്ഷം ലിറ്റർ പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് മിൽമ സംഭരിക്കുന്നതാണ്. പാൽപ്പൊടിയും മറ്റും കലർത്തിയ കൃത്രിമ പാലാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നു ഇവിടെ വരുന്നത്. ക്ഷീര വകുപ്പ് ഇതുസംബന്ധിച്ച് അന്വേഷണം ആരംഭിച്ചെങ്കിലും ഒരിടത്തും എത്തിയിട്ടില്ല. അന്വേഷണം തുടങ്ങിയ സ്ഥലത്തുതന്നെയാണ് നിൽക്കുന്നത്. സഹകരണ സംഘം വഴി കൊടുക്കുന്ന ഒരു ലിറ്റർ പാലിന് ഒരു രൂപ സബ്സിഡി പ്രഖ്യാപിച്ചുവെങ്കിലും അത് പ്രഖ്യാപനത്തിൽ മാത്രമായി ഒതുങ്ങി നിൽക്കുകയാണ്. ക്ഷീരകർഷകന്റെ ഉത്പാദന ചെലവുമായി ബന്ധപ്പെടുത്തി ഡോ. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം, ഉത്പാദനം ചെലവും അതിന്റെ 50 ശതമാനവും ചേർത്ത് പാൽ വില നിശ്ചയിക്കുക, കാലിത്തീറ്റയ്ക്ക് 50 ശതമാനം സബ്സിഡി എല്ലാ ക്ഷീരകർഷകർക്കും നൽകുക, ക്ഷീരകർഷക പെൻഷൻ ആയിരം രൂപയാക്കി ഉയർത്തി എല്ലാ കർഷകർക്കും അനുവദിക്കുക, നാല് ശതമാനം പലിശയ്ക്ക് ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങാൻ ബാങ്ക് വായ്പ ഏർപ്പെടുത്തുക, മിൽമയിൽ നടക്കുന്ന എല്ലാ തട്ടിപ്പുകളെ സംബന്ധിച്ചും അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക, കുളമ്പുരോഗം പിടി

പ്പെട്ട് ചത്ത പശുക്കൾക്കുള്ള നഷ്ടപരിഹാരം ഉടൻ നൽകുക തുടങ്ങിയ ആവശ്യങ്ങളിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടാണ് കേരളത്തിലെ ക്ഷീരകർഷകർ ഇന്ന് നിയമസഭയുടെ നടയിൽ പ്രകടനം നടത്തി സത്യാഗ്രഹം അനുഷ്ഠിക്കാൻ പോകുന്നത്. ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി: (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പാലിന്റെ വില കൂട്ടണമെന്ന ആവശ്യം വളരെ ന്യായമാണ്. അതുകൊണ്ടാണ് കാലാകാലങ്ങളിൽ പാൽ വില കൂട്ടുന്നത്. കേരള ഹൈക്കോടതിയുടെ 01.09.2011-ലെ വിധിന്യായ പ്രകാരം പാലിന്റെ സംഭരണ വില വർദ്ധിപ്പിക്കാനുള്ള അവകാശം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റ് ഫെഡറേഷൻ എന്ന് പറയുന്ന മിൽമയ്ക്കാണ്. ഈ സർക്കാർ വന്നതിനുശേഷം മിൽമയുടെ പാൽ വില രണ്ടുതവണയായി അഞ്ച് രൂപ വർദ്ധിപ്പിച്ചു. പാൽ വില പത്തുരൂപ കൂട്ടിയപ്പോൾ 9 രൂപ 20 പൈസയാണ് കൃഷിക്കാരന് കൊടുത്തത്. ബാക്കി എൺപത് പൈസയാണ് മിൽമയ്ക്കും പ്രൈമറി സംഘത്തിനും പാൽവിതരണത്തിനുമെല്ലാം വേണ്ടി മാറ്റിവച്ചത്. മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഈ വർദ്ധനവുമൂലം കഴിഞ്ഞ മൂന്ന് കൊല്ലത്തിനിടയിൽ പ്രതിദിനം 3.7 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പാലിന്റെ ഉത്പാദനം കൂടിയെങ്കിലും ഉത്പാദന ചെലവുമായി ബന്ധപ്പെട്ട ന്യായമായ വില കൊടുത്തില്ലെങ്കിൽ ഈ രംഗത്ത് കൃഷിക്കാരന് പിടിച്ചു

നിൽക്കാൻ പ്രയാസമാണ്. അതുകൊണ്ടാണ് മിൽമ വീണ്ടും പാലിന്റെ വില കൂട്ടാൻ വേണ്ടി അലോചിക്കുന്നത്. ഇനി കൂട്ടിയാലും അതിന്റെ സിംഹ ഭാഗവും കൊടുക്കുന്നത് കൃഷിക്കാരന് തന്നെയായിരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഒരു ലിറ്റർ പാലിന് 40 പൈസ വച്ച് ആറ് മാസത്തെ സബ്സിഡിയാണ് കാലിത്തീറ്റയ്ക്ക് കൊടുത്തത്. ഈ സർക്കാർ അത് ഒരു രൂപയാക്കി വർദ്ധിപ്പിച്ചു. ആറ് മാസത്തേയ്ക്കല്ല 12 മാസം കൊടുക്കാനാണ് തീരുമാനിച്ചത്. അതിനാവശ്യമായ ഫണ്ട് ലഭിച്ചാൽ കൊടുക്കുകയും ചെയ്യും. ക്ഷീരകർഷകരുടെ പ്രതിമാസ പെൻഷൻ നേരത്തേ ഉണ്ടായിരുന്ന 300 രൂപയിൽ നിന്ന് ഞങ്ങൾ 500 രൂപയായി വർദ്ധിപ്പിച്ചു. അങ്ങ് പറയുന്നത്, 1000 രൂപയാക്കണമെന്നാണ് എന്നാൽ ഇന്നത്തെ സ്ഥിതി അനുസരിച്ച് ഈ വർദ്ധനവ് ഉടനെ വരുത്താൻ പ്രയാസമുള്ള കാര്യമാണ്. അങ്ങ് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റാണ്. ക്ഷീരകൃഷിയെ കൃഷിയായി അംഗീകരിക്കാതെ കാർഷികമേഖലയ്ക്കുള്ള വായ്പ സൗകര്യം നമുക്ക് ലഭിക്കില്ല. ഗവൺമെന്റിന്റെ നിലപാട് അങ്ങയോട് പറഞ്ഞതുതന്നെയാണ്. ക്ഷീരകൃഷിയെക്കൂടി കൃഷിയായി അംഗീകരിച്ച് കാർഷിക വായ്പയ്ക്കുള്ള മിനിമം പലിശ ഇതിനും ബാധകമാക്കിയാൽ അങ്ങ് ആവശ്യപ്പെട്ടതുപോലെ കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കാൻ സാധിക്കും. അതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. അതുപോലെ കുളമ്പുരോഗം മൂലം ചത്തുപോയ കറവ മാടുകളുടെ ഉടമയ്ക്ക് മാട് ഒന്നിന് പതിനായിരം രൂപ വീതം ധനസഹായം നൽകുന്നതിന് ക്ഷീരവികസന വകുപ്പ് അനുവാദം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ മിൽമ സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകന് പശുവിനെ നഷ്ടപ്പെട്ടാൽ മൂന്ന് മേഖലാ യൂണിയനുകളും പതിനാ

യിരം രൂപ വീതം ഒരു പശുവിന് ആനുകൂല്യം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ മൃഗസംരക്ഷണ വകുപ്പ് ഒരു പശുവിന് 20000 രൂപയും കൊടുക്കുന്നുണ്ട്. ചെയ്യാവുന്ന സഹായം ചെയ്യാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. അങ്ങ് പറയുന്നതുപോലെ മിൽമയിൽ തട്ടിപ്പുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് കേരളത്തിലെ പ്രമുഖ സഹകാരിയാണ്, അങ്ങയോട് എനിക്ക് അപേക്ഷിക്കാനുള്ളത് ദയവായി മിൽമയെ ബ്ലാക്ക്മെയിൽ ചെയ്യരുത്. ഇന്നലെ എൻ.ഡി.ടി.വി. ചെയർമാൻ എന്നെയും കൃഷി വകുപ്പുമന്ത്രിയെയും വന്നു കണ്ടിരുന്നു. ഇന്ത്യയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന സംഘമാണ് കേരളത്തിലെ മിൽമയെന്ന് പറയുകയുണ്ടായി. അങ്ങനെയുള്ള മിൽമയിൽ തട്ടിപ്പാണെന്ന് വെട്ടിപ്പാണെന്ന് പറയുന്നത് ഒരിക്കലും ഭൂഷണമുള്ളതല്ലായെന്ന് പറയാൻ ശ്രമിക്കുകയാണ്.

## ഭൂമി പോക്കുവരവ് ചെയ്യൽ

ശ്രീ. ജോസഫ് വാഴക്കൻ: സർ, 400 ഏക്കറോളം വരുന്ന വിശാലമായ കോളനിയാണ് മൂവാറ്റുപുഴ മണ്ഡലത്തിലെ മഞ്ഞള്ളൂർ പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനി. ഇവിടെ പട്ടികജാതിക്കാരായ ഓരോ കുടുംബത്തിനും രണ്ടേക്കർ ഭൂമി വീതം 1978-ൽ നൽകിയിരുന്നു. എന്നാൽ കാലക്രമേണ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ തന്നെ അഞ്ചും പത്തും സെന്റ് ഭൂമി വീതം വാങ്ങി വീട് വച്ച് താമസിച്ചുവരുകയാണ്. എന്നാൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടതിന്റെ പേരിൽ ഇന്നവരുടെ പോക്കുവരവ് ചെയ്തുകൊടുക്കുന്നില്ല. നേരത്തേ കുറേ വീട്ടുകാർക്ക് ഇതിന്റെ പോക്കുവരവ് ചെയ്തുകൊടുത്തിരുന്നു. എന്നാൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടുവെന്ന കാരണത്താൽ പിന്നീട് കളക്ടർ ഇത് റദ്ദ് ചെയ്തു. ഭൂമി വാങ്ങി 10-30

വർഷമായി താമസിക്കുന്ന നൂറോളം കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തി ലുള്ളവർ ആയതിനാൽ അവരുടെ ഭൂമി പോക്കുവരവ് ചെയ്ത് കൊടുക്കുന്ന തിന് നിയമപരമായി വലിയ തടസ്സം വരില്ലായെന്നാണ് വിശ്വസിക്കുന്നത്. ആയതിനാൽ ഈ ഭൂമി വാങ്ങിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്, ആ ഭൂമിയുടെ പോക്കുവരവ് ചെയ്ത് കൊടുത്തവരെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിന് സഹായിക്കണമെന്ന് ഈ സബ്മിഷൻ മുഖേന അഭ്യർത്ഥി ക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 1978–ൽ മഞ്ഞള്ളൂർ പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനിയിൽ രണ്ടേക്കർ ഭൂമി വീതം ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകിയതാണ്. കാലക്രമേണ അഞ്ചും പത്തും സെന്റ് ഭൂമി വീതം അവർ കൈമാറ്റം നടത്തി യിട്ടുണ്ട്. കൈമാറ്റം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്തുകൊടുക്കുന്നില്ലായെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ എന്നുള്ള നിലയിൽ അവർ കൈമാറ്റം ചെയ്തിട്ടുള്ള, ചെറിയ ഇടങ്ങളാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് പരിഹരിച്ച് കൊടുക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി കൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. യുമായി ആലോ ചിച്ചുകൊണ്ട് ഒരു തീയതി നിശ്ചയിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഇതിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ആവ ശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുശ്മശാന ഭൂമി കൈമാറാനുള്ള നീക്കം

ശ്രീ. വി. ശശി: സർ, എട്ട് ഗ്രാമപഞ്ചായത്തുകളടങ്ങുന്ന എന്റെ മണ്ഡലത്തിലൊരിടത്തും പൊതുശ്മശാനമില്ല. ഇതുമൂലം ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഒരറുതിവരുത്തുവാൻ ആശുപത്രി ശ്മശാനമായി ഉപയോഗിച്ചിരുന്ന കിഴുവിലം വില്ലേജിലെ 99 ആർ സ്ഥലത്ത് പൊതുശ്മശാനം നിർമ്മിക്കുവാൻ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഒരു പദ്ധതിയാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ തുടങ്ങുമ്പോൾ ഈ ഭൂമി സീറോ ലാൻഡ്ലെസ്സ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ റവന്യൂ വകുപ്പ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. റവന്യൂ വകുപ്പിന്റെ ഈ നീക്കത്തെ തടയണമെന്നാവശ്യപ്പെട്ട്, ഈ ഭൂമി ശ്മശാനം നിർമ്മിക്കുവാൻ അനുവദിക്കണമെന്ന് ഉന്നയിച്ചുകൊണ്ട് 04.09.2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും കളക്ടർക്കും ജനപ്രതിനിധികളടങ്ങുന്ന ഒരു സംഘം ആളുകളുടെ നേതൃത്വത്തിൽ നിവേദനം നൽകുകയും അതിൻപ്രകാരം ശ്മശാനം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുനൽകുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ നാട്ടുകാരെയും ജനപ്രതിനിധികളെയും അത്ഭുതപ്പെടുത്തിക്കൊണ്ട് വളരെ രഹസ്യമായി ഈ ഭൂമി 28 പേർക്ക് പട്ടയം നൽകുകയും അവരെക്കൊണ്ട് കരമടപ്പിക്കുകയും ചെയ്തു. ഭൂമിയളന്നു കൊടുക്കാൻ ~~തിരിച്ചുനൽകാൻ~~ റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയപ്പോഴാണ് ഈ ഗൂഢനീക്കം ബോദ്ധ്യമായത്. നാട്ടുകാർ റവന്യൂ വകുപ്പിന്റെ ഈ നീക്കത്തെ തടഞ്ഞിരിക്കുകയാണ്. റവന്യൂ വകുപ്പിലെ രജിസ്റ്ററിൽ ഈ ഭൂമി ചിറയിൻകീഴ് താലൂക്കാശുപത്രിയുടെ ശ്മശാനമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ചുറ്റുമതിൽ കെട്ടി ശ്മശാന ഭൂമി സംരക്ഷിക്കാൻ ഫണ്ട്

അനുവദിച്ചുകൊണ്ട് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് 26 വർഷങ്ങൾക്കുമുമ്പ് അതായത് 08.03.1988-ൽ തീരുമാനമെടുത്തതിന്റെ രേഖയും നിലവിലുണ്ട്. കേരള പഞ്ചായത്ത് ആക്ടിലെ 229-ാം വകുപ്പ് പ്രകാരം ശവം മറവ് ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ നിയന്ത്രിക്കുവാൻ ഗ്രാപഞ്ചായത്തുകൾക്ക് അധികാരമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം നിലനിൽക്കുമ്പോഴാണ് ഗ്രാമപഞ്ചായത്തുകളെയൊന്നും അറിയിക്കാതെ റവന്യൂവകുപ്പ് ഈ ഭൂമി ഏറ്റെടുത്ത് 28 പേർക്ക് പട്ടയം നൽകിയത്. ഈ നടപടി റദ്ദാക്കി പൊതുശ്മശാനം നിർമ്മിക്കുവാൻ ഭൂമി വിട്ടുനൽകണം. ഭൂരഹിതരായ 28 പേർക്ക് ചിറയിൻകീഴ് താലൂക്കിൽത്തന്നെ മറ്റ് സർക്കാർ ഭൂമി കണ്ടെത്തി അവർക്ക് ഭൂമി നൽകുകയുംവേണം. ഈ രണ്ട് ആവശ്യങ്ങളാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ബഹുമാനപ്പെട്ട ശ്രീ. വി. ശശി ഇവിടെ അവതരിപ്പിച്ച സബ്മിഷനിലൂടെ പറഞ്ഞിരിക്കുന്ന ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ചിറയിൻകീഴ് താലൂക്കിൽ കിഴുവിലം കുന്തള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 978, 979 എന്നിവയിൽപ്പെട്ട സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി 29 പ്ലോട്ടുകളാക്കി സ്കെച്ചുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. ടി സർക്കാർ ഭൂമിയിൽ സർവ്വേക്കല്ലുകൾ സ്ഥാപിക്കുന്നതിനായി താലൂക്ക് സർവ്വേയർ ഹാജരായ വേളയിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് അംഗങ്ങളും കക്ഷികളും ചേർന്ന് സർവ്വേ കല്ലുകൾ സ്ഥാപിക്കുന്നത് തടയുകയും ടി സ്ഥലം മുമ്പ് ശ്മശാനഭൂമിയായിരുന്നുവെന്നും ടി ഭൂമി വിതരണം ചെയ്യുവാൻ അനുവദിക്കുകയില്ലാ

യെന്നും അറിയിച്ചു. തുടർന്ന് 04.09.2013-ൽ ചിറയിൻകീഴ് തഹസീൽദാർ നേരിട്ട് സ്ഥലം സന്ദർശിക്കുകയും പരിസരവാസികളോട് അന്വേഷിച്ചതിൽനിന്ന് വളരെ വർഷങ്ങൾക്കുമുമ്പ് ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ മരിച്ച ഒരു അജ്ഞാതന്റെ മൃതദേഹം അവിടെ സംസ്കരിച്ചിട്ടുള്ളതൊഴിച്ചാൽ ടി സ്ഥലം ഒരു ശ്മശാനഭൂമിയല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ടി സ്ഥലത്തെ സംബന്ധിച്ച് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തും കിഴുവിലം ഗ്രാമപഞ്ചായത്തും തമ്മിൽ അവകാശ തർക്കമുന്നയിച്ചിട്ടുള്ളതുമാണ്. ഈ രണ്ട് പഞ്ചായത്തുകളും ടി ഭൂമി അവരുടേതാണെന്ന് വാദിക്കുന്നുണ്ടെങ്കിലും അവകാശം തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഇവരുടെ കൈവശമില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഏറ്റെടുത്ത 29 പ്ലോട്ടുകൾ കല്ലിട്ട് തിരിക്കുന്നതിനും പട്ടയം നൽകിയ 28 കക്ഷികൾക്ക് ഭൂമി വിട്ടുനൽകുന്നതിനും 28.06.2014-ന് ടി സ്ഥലത്ത് ഹാജരാകുവാൻ തഹസീൽദാർ പട്ടയ കക്ഷികളോട് പറഞ്ഞിരുന്നു. എന്നാൽ ചിറയിൻകീഴ് തഹസിൽദാരുടെ നേതൃത്വത്തിൽ പോലീസ് സന്നാഹത്തോടെ സ്ഥലത്തെത്തിയെങ്കിലും പരിസരവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ടി ഭൂമിയിൽ കയറാനോ കല്ലിടുന്നതിനോ പ്ലോട്ട് പട്ടയകക്ഷികൾക്ക് കൈമാറുവാനോ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഒരു ഗൂഢ നീക്കവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഇതിനകത്ത് സീറോ ലാൻഡ് ലെസ്സ് പദ്ധതി (ഭൂരഹിതരില്ലാത്ത കേരളം പദ്ധതി) യുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കേരളത്തിലങ്ങോളമിങ്ങോളം കണ്ടെത്തിക്കൊണ്ടാണ് ഇത് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഒരിഞ്ച് ഭൂമിപോലുമില്ലാത്ത പാവപ്പെട്ട ആളുകൾക്ക്

ഭൂമി കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് മുമ്പോട്ടുപോകുന്നയവസരത്തിൽ ഇതുപോലെയുള്ള എതിർപ്പുകളുണ്ടായാൽ ഇതൊക്കെ അംഗീകരിക്കാൻ കഴിയുന്നതല്ല. കാരണം ഒരിഞ്ച് ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകളെ കണ്ടെത്തി സർക്കാരിന്റെ അധീനതയിലുള്ള ഭൂമി കൊടുക്കുവാൻ പോലും അനുവദിക്കുന്നില്ലെന്ന് പറയുമ്പോൾ, അതൊരു ഇരട്ടത്താപ്പ് നയമാണ്. അത് ശരിയല്ല. എന്തായാലും ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇന്ന് പല നേതാക്കൻമാരുടെയും നേതൃത്വത്തിൽ പലയിടങ്ങളിലും ഇതുപോലെയുള്ള സംഭവങ്ങൾ നടക്കുകയാണ്. സർക്കാർ, ഭൂമി കണ്ടെത്തികൊടുക്കുമ്പോൾ അതിനെ എതിർക്കുക, ഭൂമി കൊടുക്കണമെന്നാവശ്യപ്പെടുക ഇതൊക്കെ ശരിയായിട്ടുള്ള ഒരു നിലപാടല്ലെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് വ്യക്തമാക്കുവാനുള്ളത്.

## സദുദ്ദേശ ലേഖനത്തിന് അവാർഡ്

ശ്രീ. പി. ഉബൈദുള്ള: സർ, വളർന്നുവരുന്ന തലമുറയിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയുടെ ഭവിഷത്തുകളെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചകളാണ് ഏതാനും ദിവസങ്ങളായി നിയമസഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. മദ്യം വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികളാണ് കഴിഞ്ഞകാലങ്ങളിൽ എക്സൈസ് വകുപ്പ് സ്വീകരിച്ചിരുന്നെങ്കിൽ ലഹരി വിമുക്ത കേരളമെന്ന ലക്ഷ്യംവച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നത് സ്വാഗതാർഹമാണ്. മദ്യവ്യാപനം തടയുന്നതിനും മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും സഹായകരമായ രീതിയിൽ ജനങ്ങളെ ആകർഷിക്കുന്ന കലാജാഥയുൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ എക്സൈസ്

വകുപ്പ് നേരിട്ട് നടത്തിക്കൊണ്ടിരിക്കുന്നുവെന്നത് ആശ്വാസകരമാണ്. സ്കൂൾ വിദ്യാർത്ഥികളിൽപ്പോലും മദ്യത്തിന്റേയും ലഹരിവസ്തുക്കളുടേയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതിനുപുറമെ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പുതിയ പദ്ധതിയും ശ്രദ്ധേയമാണ്. ലഹരിവിരുദ്ധ സംഘടനകളെയും സന്നദ്ധ പ്രവർത്തകരെയും ലഹരി വിരുദ്ധ ക്ലബ്ബുകളെയും അംഗീകരിക്കുന്ന തിനും അവർക്ക് പ്രോത്സാഹനം നൽകുന്നതിനുംവേണ്ടി പാരിതോഷികം നൽകാൻ സർക്കാർ തീരുമാനിച്ചത് നല്ല കാര്യമാണ്. ഇതോടൊപ്പം വിദ്യാർത്ഥികളിൽ ഏറെ സ്വാധീനം ചെലുത്താൻ കഴിയുന്ന മാധ്യമമാണ് സ്കൂൾ-കോളേജ് മാഗസിനുകൾ. മദ്യത്തിന്റെയും ലഹരിവസ്തുക്കളു ടെയും ഉപയോഗംകൊണ്ടുണ്ടാകുന്ന വിപത്തുകൾ സംബന്ധിച്ച് പ്രതിപാദി ക്കുന്ന ഏറ്റവും നല്ല ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്കൂൾ-കോളേജ് മാഗസിനുകൾക്ക് എല്ലാവർഷവും പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നത് നന്നായിരിക്കും. ഒരു ജില്ലയിൽ ഓരോ സ്കൂളും കോളേജുംവീതം തെര ഞ്ഞെടുക്കുന്നതായിരിക്കും കൂടുതൽ ഉചിതമെന്നുകൂടി ഞാൻ അഭിപ്രായപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാ നത്തെ വിവിധ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന ലഹരിവിരുദ്ധ ക്ലബ്ബു

കളിൽനിന്നും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ലഹരിവിരുദ്ധ ക്ലബ്ബിനേയും ക്ലബ്ബ് അംഗത്തെയും തെരഞ്ഞെടുത്ത് എല്ലാവർഷവും അവാർഡ് നൽകിവരുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് ചെറിയ തോതിൽ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഇതേ മാതൃകയിൽ സംസ്ഥാന സ്കൂൾ മാഗസിനുകളിൽ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരിവിരുദ്ധ ലേഖനത്തിന് അവാർഡും സാമ്പത്തിക സഹായവും നൽകുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. ഈ നിർദ്ദേശം അങ്ങേയറ്റം സ്വാഗതാർഹമാണ്.

**ഫിഷറീസ് ഹാർബറും ഓലക്കീൽ കടവ് പാലവും**

ശ്രീ. റ്റി.വി. രാജേഷ്: സർ, ഉത്തര മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മത്സ്യബന്ധന കേന്ദ്രമാണ് പുതിയങ്ങാടി. അവിടെ വളരെ സജീവമായി പ്രവർത്തിക്കുന്ന 650 മത്സ്യത്തൊഴിലാളികളും 180 മത്സ്യബന്ധന യാനങ്ങളുമുണ്ട്. അവിടെ ഒരു ഫിഷിംഗ് ലാന്റോ വാർഫോ ഒന്നുംതന്നെയില്ല. ഇപ്പോൾ ആകെയുള്ളത് ഒരു ലേലഹാൾ മാത്രമാണ്. 1960-ൽ മലബാറിൽത്തന്നെ ഏറ്റവും പഴയ ഒരു ഐസ് പ്ലാന്റ് ആരംഭിച്ച സ്ഥലമാണ്. അതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് അന്ന് ഐസ് പ്ലാന്റ് അവിടെ നൽകിയിട്ടുള്ളത്. തത്വത്തിൽ അവിടെ ഹാർബർ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ മാതൃകാപഠനം പൂനയിലെ CWPRS (Central Water and Power Research Station) -നെ ഏൽപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പഠനം അനിശ്ചിതമായി നീണ്ടുപോകുകയാണ്. മൺസൂൺ കാലത്ത് അവിടെ ലാന്റിംഗിന്റെ പേരിൽ പലപ്പോഴും മത്സ്യത്തൊഴിലാളികൾ തമ്മിൽ സംഘർഷങ്ങളുണ്ടാകാറുണ്ട്. തലനാരിഴയ്ക്കാണ് ആ സംഘർഷങ്ങൾ ഒരു കലാപ

ത്തിലേയ്ക്ക് വഴിമാറാതിരിക്കുന്നത്. ഈയൊരു സാഹചര്യത്തിൽ അവിടെ ഫിഷിംഗ് ഹാർബർ എത്രയും വേഗം യാഥാർത്ഥ്യമാക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ തൊട്ടടുത്ത പയ്യന്നൂർ അസംബ്ലി മണ്ഡലത്തിലെ പാലക്കോട് മത്സ്യബന്ധന കേന്ദ്രവും തമ്മിൽ രണ്ട് കിലോമീറ്റർ വ്യത്യാസമാണുള്ളത്. പക്ഷേ പാലമില്ലാത്തതിനാൽ പതിനഞ്ച് കിലോമീറ്റർ ചുറ്റി പോകേണ്ട ഒരു സ്ഥിതിയാണുള്ളത്. ഈ ഹാർബറിന് അനുബന്ധമയി ഒരു പാലമുണ്ടാക്കിയാൽ കണ്ണൂർ ജില്ലയിലെ വടക്കൻ തീരദേശമേഖലയുടെ വികസനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും. ഇത് നബാർഡിന്റെ RIDF (Rural Infrastructure Development Fund)-ൽ പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം വന്നിട്ടുണ്ട്. അത് സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്. അതുകൊണ്ട് ഈ ഫിഷിംഗ് ഹാർബറും അതിനോടനുബന്ധമായിട്ടുള്ള പാലവും എത്രയുംവേഗം നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പുതിയങ്ങാടി മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിന് മാതൃകാപഠനം, പരിസ്ഥിതിപഠനം എന്നിവ നടത്തേണ്ടതായിട്ടുണ്ട്. പരിസ്ഥിതിപഠനം നടത്തേണ്ടത് കേന്ദ്ര അക്രഡിറ്റേഷനുള്ള ഏജൻസികളായിരിക്കണമെന്ന് കേന്ദ്രപരിസ്ഥിതിവകുപ്പ് അടുത്തകാലത്ത് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനുള്ള സ്ഥാപനങ്ങൾ ഈ പഠനത്തിന് 15 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെ ചാർജ് ചെയ്തുവരുന്നതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 45 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന്

23.01.2013-ൽ അനുമതി നൽകുകയുണ്ടായി. തുടർന്ന് ഇൻവെസ്റ്റിഗേഷന്റെ ഭാഗമായുള്ള മാതൃകാപഠനം കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി. ആർ.എസ്.-നെ (Central Water and Power Research Station) ചുമതലപ്പെടുത്തുകയും പ്രസ്തുത പഠനം നടത്തുന്നതിനുവേണ്ടി 34.27 ലക്ഷം രൂപ 20.03.2014 -ൽ നൽകുകയും ചെയ്തു. അന്വേഷണ ഗവേഷണങ്ങൾക്കുള്ള ഭരണാനുമതി തുക 45 ലക്ഷം രൂപയിൽ അധികരിച്ചതിനാൽ 65 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 26.10.2013-ൽ അനുമതി നൽകിയിട്ടുണ്ട്. മാതൃകാപഠനം, പരിസ്ഥിതിപഠനം എന്നിവയുൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം കണ്ണൂർ ജില്ലയിൽ രാമന്തളി ഗ്രാമത്തിൽ ഓലക്കാൽക്കടവിൽ പാലം പണിയുന്നതിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് 10.07.2013-ൽ സർക്കാരിന് സമർപ്പിച്ചു. ഈ പാലം പണിയുന്നതിനെ സംബന്ധിച്ചുള്ള പദ്ധതിരൂപരേഖയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്-XX-ൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതനുസരിച്ച് വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കിവരികയാണ്. വളരെ പ്രധാനപ്പെട്ട രണ്ട് ആവശ്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും അത് ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിച്ചുവരികയാണ്.

## ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. രാജു എബ്രഹാം: സർ, നാല് കുടിവെള്ള വിതരണപദ്ധതി കളിലൊന്ന്, അങ്ങാടി-പെരുമ്പട്ടിയാണ്. എസ്.എൽ.എസ്.സി. പസ്സാക്കിയെ ങ്കിലും വാട്ടർ അതോറിട്ടി ചെയർമാന്റെ പക്കൽ നിന്നും ആ ഫയൽ നീങ്ങാത്ത ഒരവസ്ഥയാണ്. 40 എൽ.പി.സി.യിൽ താഴെയുള്ള പ്രദേശമാണ് അങ്ങാടി-പെരുമ്പട്ടി സ്കീം. ആ തടസ്സം മാറ്റാൻ ഗവൺമെന്റ് അടിയന്തര മായി ഇടപെടണം. രണ്ടാമത്തേത്, നിലയ്ക്കൽ ആണ്. ശബരിമലയിലെ നിലയ്ക്കൽ എത്തുന്ന കോടിക്കണക്കിന് തീർത്ഥാടകർക്കുവേണ്ടി പ്ലാൻ ചെയ്തതാണ്. അതിന്റെ ഒന്നാംഘട്ടം മാത്രമേ അനുവദിച്ചിട്ടുള്ളൂ; അതിന്റെ തുടർനടപടികൾ, അടുത്ത സീസണിനുമുൻപ് പണിയാരംഭിച്ച് നിർമ്മാണ പ്രവർത്തനമാരംഭിക്കാൻ കഴിയണം. അടുത്തതായി കൊല്ലമലയാണ്, ഇവിടെ ഫണ്ട് അനുവദിച്ചെങ്കിലും മറ്റു നടപടികളിലേയ്ക്കൊന്നും കാര്യമായി പോകുന്നില്ല. പിന്നെയുള്ളത് ചെറുകോൽ ആണ്. പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ തുടങ്ങിയെങ്കിലും ഇൻവെസ്റ്റിഗേഷൻ വിംഗ് ഇപ്പോൾ പ്രോജക്ടിൽ ലയിപ്പിച്ചതുകൊണ്ട് കാര്യങ്ങൾക്ക് അല്പം തടസ്സം വന്നിരിക്കുകയാണ്. ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരു ന്നു. അവരെ ഇൻഡിപെൻഡന്റായി പ്രോജക്ടിന്റെ കീഴിൽ തന്നെ നിർത്തുക. ഇൻഡിപെൻഡന്റ് ആയിട്ടുള്ള ചുമതല കൊടുത്തില്ലെങ്കിൽ കേര ളത്തിലെ എല്ലാ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും മന്ദീഭവിക്കും; അതിന് മുൻകയ്യെടുക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാ ണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അങ്ങാടി–പെരുമ്പട്ടി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് 29.5 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പരിശോധിച്ചുവരികയാണ്. എരുമേലി ശുദ്ധ ജലവിതരണപദ്ധതിയുടെ ശുദ്ധീകരണശാല മുതൽ കൊല്ലമിള വില്ലേജിലെ വെൺകുറിഞ്ഞി വരെയുള്ള പൈപ്പ് ലൈനിന്റെ ടെൻഡർ പൂർത്തിയായി കരാർ നൽകിയിരിക്കുകയാണ്. പൈപ്പുകൾ ലഭ്യമാകുന്നമുറയ്ക്ക് അത് സ്ഥാപിക്കുന്നതാണ്. വെൺകുറിഞ്ഞിയിലെ ജലസംഭരണി പമ്പുഹൗസ് എന്നിവയുടേയും വെൺകുറിഞ്ഞിയിൽ നിന്നും പാമ്പിരിക്കുംപാറവരെയുള്ള പമ്പിംഗ് ലൈനിന്റെയും ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓലിക്കൽ ജലസംഭരണിയുടെയും തലമുട്ടിയാന വരെയുള്ള പമ്പിംഗ് ലൈനിന്റെയും തലമുട്ടിയാനയിലെ ജലസംഭരണിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. നിലയ്ക്കൽ ശുദ്ധജലവിതരണ പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണത്തിനായി നബാർഡ് മുഖേന 9 കോടിരൂപയുടെ ഭരണാനുമതി ലഭിച്ചു. ജലശുദ്ധീകരണശാലയ്ക്കുവേണ്ട സ്ഥലം ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. കിണറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എത്രയും പെട്ടെന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ചെറുകോൽ, നാരങ്ങാനം എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതികളുടെ സർവ്വേ നടന്നുവരുന്നു. അഞ്ചുമാസത്തിനുള്ളിൽ സർവ്വേ പൂർത്തിയാക്കി പദ്ധതി രൂപവൽക്കരിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. അടുത്തുവരുന്ന എസ്.എൽ.എസ്.എസ്.സി. യിൽ പദ്ധതി അംഗീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

## <u>ട്രീറ്റ്മെന്റ് പ്ലാന്റും പമ്പ്ഹൗസും</u>

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതി, കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുംവേണ്ടി ഉണ്ടാക്കി യിട്ടുള്ളതാണ്. അത് കമ്മീഷൻ ചെയ്യാൻപോകുയാണ്. നിലവിൽ കോഴി ക്കോട് കോർപ്പറേഷനിലേക്ക് വെള്ളം കൊണ്ടുവരുന്നത് മാവൂർ-ചാത്തമം ഗലം പഞ്ചായത്തുകളിലുള്ള സംവിധാനങ്ങളിൽ നിന്നാണ്. എന്റെ നിയോജ കമണ്ഡലത്തിലെ ആറു പഞ്ചായത്തുകളിൽ മാവൂർ-ചാത്തമംഗലം പഞ്ചായ ത്തുകൾ മാത്രമാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തത്. എന്നാൽ ഈ പഞ്ചായത്തുകളിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാണ് കോഴി ക്കോട് കോർപ്പറേഷനിലേക്ക് ഇപ്പോൾ വെള്ളം കൊണ്ടുപോകുന്നത്. 2040 വരെ കോഴിക്കോട് കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും ആവശ്യമായ വെള്ളം ജപ്പാൻകുടിവെള്ളപദ്ധതിയനുസരിച്ച് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുള്ള സാഹചര്യത്തിൽ ചാത്തമംഗലം-മാവൂർ പഞ്ചായത്തു കളിൽ നിലവിലുള്ള സംവിധാനം ഈ രണ്ടുപഞ്ചായത്തുകൾക്കുംവേണ്ടി ഉപയോഗിക്കണമെന്ന എന്റെ ആവശ്യം ഉന്നയിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്)</u>: സർ, കോഴി ക്കോട് നഗരത്തിന്റെയും സമീപപഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമ ത്തിന് പരിഹാരമെന്നനിലയിൽ രൂപകല്പന ചെയ്യപ്പെട്ടതാണ് ജൈക്ക സഹാ യത്തോടെയുള്ള കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി. കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, നന്മണ്ട, നരിക്കുന്ന്, കാക്കൂർ, ചേളന്നൂർ,

കക്കോടി, തലക്കുളത്ത്, കരിവട്ടൂർ, കുന്നമംഗലം, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് പദ്ധതി പ്ലാൻ ചെയ്തിരിക്കുന്നത്. ഈ പ്രദശങ്ങളിലെ കുടിവെള്ളക്ഷാമത്തിനായി 246 എം. എൽ.ഡി. വെള്ളമാണ് ആവശ്യമുള്ളത്. അതിലിപ്പോൾ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പെരുമണ്ണാമൂലയിലെ ശുദ്ധീകരണശാലയിൽ നിന്ന് ലഭിക്കുന്ന 174 എം.എൽ.ഡി. ജലവും നിലവിൽ കോഴിക്കോട് നഗരത്തിന് ഇപ്പോൾ കുടിവെള്ളം നൽകിവരുന്ന മാവൂരിലെ കൂളിമാടിൽ നിന്നു ലഭിക്കുന്ന 72 എം.എൽ.ഡി. ജലവുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ജൈക്ക പദ്ധതിയിലെ പ്രദേശത്ത് ശുദ്ധജലവിതരണം ചെയ്യേണ്ടത്. ഇതിന്റെ ഭാഗമായി മാവൂർ–കൂളിമാടുള്ള ശുദ്ധീകരണശാലയുടേയും പൈപ്പ് ലൈനുകളുടെയും മറ്റും പുനരുദ്ധാരണ പ്രവർത്തിയും ജൈക്ക പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. മാവൂർ, ചാത്തമംഗലം എന്നീ പഞ്ചായത്തുകളിൽ ജൈക്ക പദ്ധതിയുടെ ഭാഗമായ കൂളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് ശുദ്ധജലവിതരണം ചെയ്യുകയാണെങ്കിൽ ജൈക്ക പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ജൈക്ക പദ്ധതി വന്നുകഴിഞ്ഞാലും കുടിവെള്ളക്ഷാമം തീരുകയില്ല. ആയതിനാൽ ചാത്തമംഗലം പഞ്ചായത്തിലെ കൂളിമാടിൽ നിലവിലുള്ള പ്ലാന്റും പമ്പിംഗ് സ്റ്റേഷനും തുടർന്നും കാലിക്കറ്റ് വാട്ടർസപ്ലൈ സ്കീമിലേക്കുള്ള ജലവിതരണത്തിന് ഉപയോഗിക്കുന്നതാണ്. വിതരണത്തിന് തികയാതെവരുന്ന ജലം മാത്രം ജൈക്ക പദ്ധതിയിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് കോഴിക്കോട് ശുദ്ധജലവിതരണപദ്ധതി തൃപ്തികരമായി നടത്തുവാൻ സാധിക്കുന്നതാണ്. കൂളിമാട് നിർമ്മിച്ച കിണറും പമ്പ്ഹൗസും നിർമ്മാണവേളയിൽത്തന്നെ എം.പി. ഫണ്ടുപയോഗിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുകയും

ചെയ്തു. പ്രസ്തുത പദ്ധതി പഞ്ചായത്തിനോട് ഏറ്റെടുക്കുവാനാണ് അഭ്യർത്ഥിച്ചിരിക്കുന്നത്; അത് ഏറ്റെടുത്താൽ ഉടൻ പ്രവർത്തനമാരംഭിക്കാം..